III ശ്രദ്ധക്ഷണിക്കൽ

(1) ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും പ്ലസ്ടുവിന് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുമുള്ള നടപടികൾ

ശ്രീ. സി. കെ. നാണു : സർ, കഴിഞ്ഞ രണ്ട് വിദ്യാഭ്യാസ വർഷം ഗവൺമെന്റ് കോളേജുകളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകളോ മറ്റ് ഡിഗ്രി കോഴ്സുകളോ പുതുതായി അനുവദിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ പാവപ്പെട്ട ആളുകൾക്ക്, പ്രത്യേകിച്ച് ദളിത്,ന്യൂനപക്ഷ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, അതുപോലെ മലബാറിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും പ്രത്യേകിച്ച് കോഴിക്കോട് ജില്ലയിലെ വടകര കൊയിലാണ്ടി എന്നീ താലൂക്കുകളിലുമുള്ള വിദ്യാർത്ഥികളും ഉപരിപഠനത്തിനുവേണ്ടി ആശ്രയിക്കുന്നത് മടപ്പള്ളി കോളേജും അതുപോലെ മൊകേരി കോളേജുമൊക്കെയാണ്. അതുപോലുള്ള ഗവൺമെന്റ് കോളേജുകളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾ ഉള്ളതുകൊണ്ടാണ് അവർക്കൊക്കെ പഠിക്കാൻ കഴിയുന്നത്. അതുപോലെതന്നെ ഡിഗ്രിക്കാണെങ്കിലും പല സ്വകാര്യ കോളേജുകളിലും ആധുനികമായ പല കോഴ്സുകളും വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള കോഴ്സുകൾ ഒന്നുംതന്നെ ഗവൺമെന്റ് കോളേജുകളിൽ അനുവദിക്കുന്നില്ല. ഗവൺമെന്റ് കോളേജുകളെ ശ്രദ്ധിക്കുന്നില്ലേ എന്നുതോന്നുകയാണ്. അതുകൊണ്ട് ഈ വിദ്യാഭ്യാസ വർഷം ഗവൺമെന്റ് കോളേജുകളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സ് ആരംഭിക്കണം. യു.ജി.സി യുടെ ഒരു കോഴ്സ് വന്നുകഴിഞ്ഞാൽ യു.ജി.സി.- യുടെ അംഗീകാരം ലഭിക്കുകയും കൂടുതൽ ഗ്രാന്റുകൾ ലഭിക്കുകയും ചെയ്യും. മടപ്പള്ളി കോളേജിന് ഇതിനുള്ള സാദ്ധ്യതയുണ്ട്. രണ്ടുകൊല്ലം കോഴ്സുകൾ അനുവദിക്കാത്തതുകൊണ്ട് ആ കോളേജുകളുടെ പുരോഗതിതന്നെ തടസ്സപ്പെട്ടിരിക്കുകയാണ്. അതുപോലെ വടകരയിൽ എനിക്കു തോന്നുന്നു എട്ട് ഗവൺമെന്റ് ഹൈസ്ക്കൂളുകളിലാണ് പ്ലസ്-ടു കോഴ്സുള്ളത്. ഗ്രാമീണ നിലവാരത്തിലുള്ള സർക്കാർ വിദ്യാലയങ്ങൾ വന്നതോടുകൂടി അവിടെ പഠിച്ച് എൻട്രൻസ് എക്സാമിനേഷൻ എഴുതി മെഡിസിനും എഞ്ചിനീയറിംഗിനും സീറ്റുകൾ ലഭിച്ച അനേകം വിദ്യാർത്ഥികൾ വടകരയിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽതന്നെയുള്ള പ്ലസ്-ടു കോളേജുകളിൽ പെർമനന്റായിട്ടുള്ള ടീച്ചേഴ്സ് ഇല്ല. ഒന്നോ രണ്ടോ ടീച്ചർമാരാണ് പെർമനന്റായിട്ടുള്ളത്. ഗ്രാന്റ് ലഭിക്കുന്ന മറ്റ് പ്രൈവറ്റ് വിദ്യാലയങ്ങളിൽ അവർ പെർമനന്റ് ടീച്ചേഴ്സിനെ വയ്ക്കുന്നു. അതുകൊണ്ട് അവിടെ നല്ല റിസൽറ്റ് ലഭിക്കുന്നു. ഇവിടെ പി.റ്റി.എ കമ്മിറ്റിയും അതുപോലെ അദ്ധ്യാപകരും വിദ്യാർത്ഥികളും അദ്ധ്വാനിക്കുന്നതിന്റെ ഫലമായി ഓരോ ഗവൺമെന്റ് ഹൈസ്ക്കൂളുകളിലും നല്ല റിസൽറ്റുമായി മുന്നോട്ടുപോകുന്ന അവസരത്തിൽ അതിന് സഹായകരമായിട്ടുള്ള രൂപത്തിൽ പെർമനന്റ് ടീച്ചേഴ്സിനെ അടിയന്തിരമായി നിശ്ചയിക്കണം. ടെമ്പററി ടീച്ചേഴ്സ് കഴിവില്ലാത്തവരാണെന്ന് ഞാൻ പറയുന്നില്ല. ഇങ്ങനെ ഓരോ പ്രാവശ്യവും ഇന്റർവ്യൂ നടത്തി പരിചയമില്ലാത്തവർ വരുന്നയവസരത്തിൽ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. അതുപോലെ പ്രൈവറ്റ് പ്ലസ് ടു കോളേജുകളിൽ അവർക്ക് ലാബ് അറ്റന്റർമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റുണ്ട്. എന്നാൽ സർക്കാർ കോളേജ് തലത്തിൽ ലാബ് അറ്റന്റർമാരെ അനുവദിക്കുന്നില്ല. ഇത്തരത്തിലുള്ള ഗൗരവതരമായ പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിച്ച് നടപടിയെടുക്കണം. നമ്മുടെ നാട്ടിലൊക്കെ ഏത് സമുദായക്കാരൻ കോളേജ് നടത്തിയാലും കുട്ടികൾക്ക് പ്രവേശനം ലഭിക്കണമെങ്കിൽ പണം കൊടുക്കണം. ഗവൺമെന്റ് കോളേജുകളിൽ മാത്രമാണ് സൗജന്യമായി പ്രവേശനം ലഭിക്കുന്നത്. അതുകൊണ്ട് ഇതിന്റെ ഗൗരവം മനസ്സിലാക്കി വിദ്യാഭ്യാസ വർഷം ആരംഭിക്കുന്ന ഇപ്പോൾ തന്നെ സർക്കാർ മേഖലയിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിച്ച് ഈ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, ബഹുമാനപ്പെട്ട സി.കെ. നാണു ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതുതന്നെയാണ്. സംസ്ഥാനത്ത് കഴിഞ്ഞകൊല്ലം ഗവൺമെന്റ് കോളേജുകളിൽ പുതുതായി കോഴ്സുകൾ അനുവദിച്ചിട്ടില്ല എന്നുള്ളത് സത്യമാണ്. ഈ സർക്കാരിന്റെ സാമ്പത്തിക പ്രയാസം പരിഗണിച്ചുകൊണ്ടാണ് ആ ഒരു നടപടിയിലേയ്ക്ക് ഗവൺമെന്റ് പോകാതിരുന്നത്. എന്നാൽ സെൽഫ് ഫിനാൻസിംഗ് മേഖലയിൽ ഏതാനും കോളേജുകളും കോഴ്സുകളും അനുവദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സമൂഹത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ രീതിയിൽ പ്രവേശനം ലഭിക്കുന്നതിനും പഠന സൗകര്യമേർപ്പെടുത്തുന്നതിനും തീർച്ചയായും ഗവൺമെന്റ് കോളേജുകളിൽ കോഴ്സുകൾ ആനുവദിക്കേണ്ടതു തന്നെയാണ്. ആ കാര്യത്തിൽ ഗവൺമെന്റിന് സന്തോഷമേയുള്ളു. അതിനുള്ള നടപടികൾ പരിഗണിക്കുന്ന കാര്യം അടുത്തകൊല്ലം ആലോചിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാല വ്യവസ്ഥ പ്രകാരം ഒക്ടോബർ മുതൽ ജനുവരി 31-നകമാണ് കോഴ്സുകൾക്കും കോളേജിനും വേണ്ടി യൂണിവേഴ്സിറ്റികൾക്ക് അപേക്ഷ നൽകേണ്ടത്. യൂണിവേഴ്സിറ്റികളുടെ അപേക്ഷയിൻമേൽ തീരുമാനമെടുക്കേണ്ടത് മെയ് 31-ന് മുൻപാണ്. അപ്പോൾ അടുത്ത ഒക്ടോബർ മുതൽ പുതിയ കോഴ്സുകൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുമ്പോൾ ബന്ധപ്പെട്ട കോളേജുകൾക്ക് ആവശ്യപ്പെടാം. ഡി.സി. മുഖേനയാണ് അപേക്ഷ കൊടുക്കേണ്ടത്. അത് പ്രോസസ് ചെയ്ത് മെയ് 31-ന് മുൻപായിട്ടാണ് കോഴ്സ് കൊടുക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. ഏതായാലും ഗവൺമെന്റ് മേഖലയിൽ ഇക്കൊല്ലം പുതിയ കോഴ്സുകൾ കൊടുത്തിട്ടില്ല. യു.ഡി.എഫ് ഗവൺമെന്റ് വന്ന ആദ്യഘട്ടത്തിൽ ഏതാനും കോളേജുകൾക്കുമാത്രമാണ് ചില കോഴ്സുകൾ അനുവദിച്ചു നൽകിയത്. അടുത്ത കൊല്ലം ഏതാനും കോഴ്സുകൾ ഗവൺമെന്റ് കോളേജുകളിൽ കൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ സന്ദർഭത്തിൽ പുതിയ ഏരിയയ്ക്കാണ് പ്രാധാന്യം നൽകുന്നത്. ഡി.സി ആവശ്യപ്പെട്ടാലും, എയ്ഡഡ് കോളേജുകൾ ആവശ്യപ്പെട്ടാലും സർപ്ലസ് ടീച്ചേഴ്സിന്റെ കണക്കുവെച്ചുകൊണ്ടാണ് ആവശ്യപ്പെടുന്നത്. അവർക്ക് അക്കോമഡേഷൻ കിട്ടാൻ വേണ്ടിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുള്ള കോഴ്സുകൾ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നത്. ആ സമീപനത്തിൽ നിന്നും നമ്മൾ മാറണം. പുതിയ ഏരിയകൾ ആവശ്യപ്പെട്ടുകൊണ്ട് ബയോ ടെക്നോളജി, മൈക്രോ ബയോളജി, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, ജേർണലിസം, ടൂറിസം തുടങ്ങിയ ഒരുപാട് കോഴ്സുകളുണ്ട് അതുപോലെ ഇൻഡസ്ട്രിയൽ ലിംങ്കേജ് കോഴ്സുകൾ പലതുമുണ്ട്. ആ കോഴ്സുകളാണ് ഇനി പുതുതായി അനുവദിക്കേണ്ടത്. ആ രീതിയിൽ അടുത്ത കൊല്ലം ഗവൺമെന്റ് കോളേജുകളിൽ ഏതാനും കോഴ്സുകൾക്ക് തീരുമാനമുണ്ടാക്കാമെന്ന് ഉദ്ദേശിക്കുന്നു. ബഹുമാനപ്പെട്ട മെമ്പറുടെ മടപ്പള്ളി അടക്കം എന്റെ നിയോജകമണ്ഡലമായ പെരിന്തൽമണ്ണ അടക്കം അതിൽപ്പെട്ടതുതന്നെയാണ്. പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഹയർ സെക്കന്ററിയിൽ നിയമനം നടത്തിയതിനെ സംബന്ധിച്ചാണ്. എനിക്ക് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒൻപതിനായിരത്തിൽപ്പരം പോസ്റ്റ് ക്രിയേറ്റു ചെയ്ത് നിയമനം നടത്തി. മൂവായിരത്തി നാന്നൂറിൽ പകുതി, ഏകദേശം 1600 ലാബ് അറ്റന്റേഴ്സിന് അംഗീകാരം കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു. സ്പെഷ്യൽ റൂൾസ് നടപ്പാക്കിയതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ 25 ശതമാനം തസ്തിക ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ അനുസരിച്ചും 75 ശതമാനം പി.എസ്.സി. വഴി ഡയറക്ട് നിയമനം നടത്തുന്നതിനുള്ള പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്. ആകെയുള്ള 5332 ഒഴിവുകളിൽ ഡിപ്പാർട്ടുമെന്റുകൾ പ്രൊമോഷൻ വഴിയുള്ള 1333 ഒഴിവുകൾ നികത്താൻ വേണ്ടിയുള്ള നടപടികൾ പൂർത്തിയാക്കി അതിന്റെ ഉത്തരവ് കൊടുത്തു കഴിഞ്ഞു. അതുപോലെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പി.എസ്.സി-ക്ക് നിർദ്ദേശം കൊടുത്തു. ജൂൺ 30-ന് മുൻപ് 855 അദ്ധ്യാപകർക്ക് നിയമനം നൽകി ഉത്തരവിറക്കുകയും ചെയ്തു. എല്ലാ വിഷയങ്ങളിലും നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരില്ലാത്തതിനാൽ ആ കാര്യം പൂർണ്ണമായും നികത്താൻ സാധിച്ചിട്ടില്ല എന്നുള്ളത് സത്യം തന്നെയാണ്. ഏതായാലും 75 ശതമാനം ഡയറക്ട് റിക്രൂട്ടമെന്റ് വ്യവസ്ഥയിൽ 3986 തസ്തികയിലേയ്ക്ക് പി.എസ്.സി പരീക്ഷ നടത്തുകയും ചെയ്തു കഴിഞ്ഞു. ഇനി ഇന്റർവ്യൂ നടത്തി നിയമനം നടത്താൻ ഒന്നോ രണ്ടോ മാസത്തെ കാലാവധിയെങ്കിലും വേണം ഏതായാലും മൂന്നു മാസത്തിനകം പി.എസ്.സി വഴിയുള്ള നിയമനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ നിയമനം നടത്തുന്നതുവരെ എമ്പ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എല്ലാ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലും അദ്ധ്യാപകരെ നിയമിക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള ഇന്റർവ്യൂ കഴിഞ്ഞു. ഇംഗ്ലീഷ്, കോമേഴ്സ്, എക്കണോമിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്കുള്ള ഇന്റർവ്യൂ നടത്തിക്കഴിഞ്ഞു. മറ്റ് വിഷയങ്ങളിലേയ്ക്കുള്ള ഇന്റർവ്യൂ ജൂലൈ 25-ന് നടക്കുകയാണ്, എത്രയുംവേഗം ലിസ്റ്റ് തയ്യാറാക്കി നിയമനം കൊടുക്കും. റെഗുലർ ടീച്ചേഴ്സിന്റേയും എംപ്ലയ്മെന്റ് എക്സ്ചേഞ്ച് മുഖേന വരുന്ന ടിച്ചേഴ്സിന്റേയും സ്റ്റോപ് ഗ്യാപ് അറേഞ്ചുമെന്റ് എന്നുള്ള നിലയ്ക്ക് തൽക്കാലം ഗസ്റ്റ് ലക്ചേഴ്സിനെ നിയമിക്കാൻ അതാത് കോളേജിലെ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം കൊടുത്തു കഴിഞ്ഞു. അതുപോലെത്തന്നെ പ്രിൻസിപ്പൽമാരുടെ നിയമനങ്ങളെ സംബന്ധിച്ച് ഹൈക്കോടതിയിലും കേസുണ്ടായിരുന്നു. കോടതി

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശമനുസരിച്ച് യോഗ്യതയുള്ള പ്രിൻസിപ്പൽമാരുടെ 25 ശതമാനം പ്രൊമോഷൻ എന്നുള്ള നിലയ്ക്ക് ക്വാളിഫൈഡായിട്ടുള്ള ഹയർസെക്കന്ററി ടീച്ചേഴ്സിനെ പ്രിൻസിപ്പൽമാരായി പ്രൊമോട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ ആ പോസ്റ്റിൽ തുടരാനും, ഹയർസെക്കന്ററി തുടങ്ങിയതിനുശേഷം പ്രിൻസിപ്പൽമാരായ ഹൈസ്ക്കൂളിലെ ഹെഡ്മാസ്റ്റർമാരെ പ്രിൻസിപ്പൽമാരായി കണ്ടിനൃു ചെയ്യാനും പി.ജി.യും ബി.എഡും ഉണ്ടെങ്കിൽ അവരെ പ്രിൻസിപ്പൽമാരായി തുടരാനുമുള്ള ഉത്തരവ് ഇന്നലെ കൊടുത്തു കഴിഞ്ഞു. ഇപ്പോൾ ഹയർ സെക്കന്ററി മേഖലയിലുള്ള പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചു കഴിഞ്ഞു. ഇവിടെ പുതിയ സ്ക്കൂളുകളുടെ അഭാവത്തെക്കുറിച്ച് പറഞ്ഞു. അതെല്ലാം ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. അതൊക്കെ നിയമസഭയിൽ പറഞ്ഞതാണ്. 309 പഞ്ചായത്തുകളിൽ ഹയർ സെക്കന്ററി സംവിധാനമില്ല. 50 ശതമാനത്തിന് മുകളിൽ റിസൾട്ടുള്ള ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ ഇക്കൊല്ലം തന്നെ ഹയർ സെക്കന്ററി അനുവദിക്കണമെന്ന തീരുമാനം തത്വത്തിൽ അംഗീകരിച്ചു ചർച്ച ചെയ്തു. ഇതിനുവേണ്ടിയുള്ള ലിസ്റ്റ് പരിശോധിച്ചപ്പോഴും ഇതാണ് ബോദ്ധ്യപ്പെട്ടത്. ഗവൺമെന്റ് സ്കൂളുകളിൽ പഠിച്ച് 50 ശതമാനത്തിൽ കൂടുതൽ മാർക്കുവാങ്ങിയ മുന്നൂറിൽപ്പരം കുട്ടികൾക്ക് ഹയർസെക്കന്ററിക്ക് അഡ്മിഷൻ കിട്ടാത്ത ഒരു സാഹചര്യമുണ്ട്. അങ്ങയുടെ മണ്ഡലംപോലെയുള്ള പല മണ്ഡലങ്ങളുണ്ട് അത്തരം മണ്ഡലങ്ങൾ പരിശോധിച്ച് ഗവൺമെന്റ് മേഖലയിലെ ചില ഹൈസ്ക്കൂളുകൾക്ക് പ്ലസ് ടു അനുവദിക്കുന്ന കാര്യം ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതാണ് മൊത്തത്തിൽ ഇതിനെക്കുറിച്ച് പറയുവാനുള്ളത്. ഇതെല്ലാം സ്ട്രീംലൈൻ ചെയ്തു കൊണ്ടുവരാനുള്ള നടപടികളെടുത്തു.

<u>ശ്രീ. സി. കെ. നാണു</u> : ഇവിടെ വ്യക്തമാക്കപ്പെട്ട ഒരു വസ്തുത ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെരിന്തൽമണ്ണയിലും തലശ്ശേരിയിലെ ബ്രണ്ണൻ കോളേജിലുമടക്കം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഗവൺമെന്റ് കോളേജുകളിൽ മൂന്നു കൊല്ലമായി പോസ്റ്റ് ഗ്രാഡുവേഷന് പുതിയ കോഴ്സുകൾ ആരംഭിക്കുന്നില്ല എന്നുള്ളതാണ്. മുഖ്യമന്ത്രി ഒരു യോഗത്തിൽ പങ്കെടുത്തുകൊണ്ട് അവിടെ നടന്ന അഭിപ്രായങ്ങളോട് പ്രതികരിച്ചുകൊണ്ട്, വിഷമത ഞാൻ മനസ്സിലാക്കുന്നു, വളരെ വേഗംതന്നെ പരിഹാരമുണ്ടാക്കുമെന്ന് പറയുകയുണ്ടായി. ഇതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മാത്രം വിചാരിച്ചാൽ മതിയാകുകയില്ല. സാമ്പത്തിക വിഷമതയുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പാവപ്പെട്ടവരുടെ, ഇടത്തരക്കാരുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ആവശ്യമായ ഫണ്ട് വിദ്യാഭ്യാസ വകുപ്പിന് നൽകാത്തതിന്റെ പേരിൽ രാജ്യത്തിലെ ഭൂരിപക്ഷം പേർക്കും സ്വാശ്രയ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നു. അതുകൊണ്ട് ധനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിന് ഫണ്ട് അനുവദിച്ചുകൊടുക്കണം. അപേക്ഷകൾ അവിടെയുണ്ട്. ഇതു സംബന്ധിച്ച് യൂണിവേഴ്സിറ്റി നിലവാരത്തിൽ പരിശോധിച്ച് ഈ വർഷംതന്നെ കോഴ്സുകൾ ആരംഭിക്കേണ്ടതാണ്. അതിന് ധനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയല്ല പറയേണ്ടത്. ധനകാര്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിനെ സഹായിക്കുന്ന കാര്യം വിദ്യാഭ്യാസവകുപ്പുമന്ത്രിക്ക് എങ്ങനെ പറയാൻ പറ്റും ?

ശ്രീ. നാലകത്ത് സൂപ്പി : ധനകാര്യ വകുപ്പ് കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്നുള്ളതാണ് സഭയുടെ മൊത്തത്തിലുള്ള വികാരം. കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ, മൂന്നു മാസത്തിനകം ഈ ഗവൺമെന്റ് ഏതൊക്കെ ഗവൺമെന്റ് കോളേജുകളിൽ ഏതൊക്കെ കോഴ്സുകളാണ് അനുവദിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കേരളത്തിലെ ഖാദി-ഗ്രാമ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, സ്വാതന്ത്ര്യ സമരം തൊട്ട് ഇൻഡ്യയുടെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിച്ച ഖാദി-ഗ്രാമ വ്യവസായ മേഖലയുടെ പ്രതിസന്ധിയാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരളത്തിൽ ചെറിയ മുതൽമുടക്കിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി കോടുക്കാൻ കഴിയുന്ന ഒരു പ്രധാന മേഖലയാണ് ഖാദി. 1996-ൽ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഈ മേഖലയിൽ 26,000-ഓളം തൊഴിലാളികളും 16 കോടി രൂപയുടെ വിറ്റുവരവും ഉണ്ടായിരുന്ന ഈ പ്രസ്ഥാനം 2001 ആയപ്പോൾ ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം 14,000 ആയി കുറയുകയും വിറ്റുവരവ് 10 കോടി രൂപയായി ചുരുങ്ങുകയും ചെയ്തു. കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മയും വ്യാവസായിക പിന്നോക്കാവസ്ഥയും പരിഹരിക്കുന്നതിന് കാർഷിക മേഖലയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള ഇത്തരം ഗ്രാമ വ്യവസായങ്ങൾക്ക് വമ്പിച്ച സംഭാവനകൾ നൽകാൻ കഴിയും. ചെറിയ മുതൽമുടക്കിൽ സംസ്ഥാനത്തിനകത്ത് ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ പ്രയോജനപ്പെടുത്തി ഗ്രാമീണ ജനതയ്ക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിൽ സൗകര്യം സൃഷ്ടിക്കാൻ കഴിയുന്ന മേഖല എന്ന നിലയ്ക്ക് ഖാദി വ്യവസായങ്ങളുടെ പരിരക്ഷയും വികസനവും പ്രത്യേകം പരിഗണന അർഹിക്കുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെറിയ സഹായങ്ങൾ നൽകി നിലവിലുള്ള മുടങ്ങിക്കിടക്കുന്ന ഖാദി മേഖലയിലെ വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ ശ്രമിച്ചാൽ ഈ വർഷംതന്നെ 15,000 പേർക്ക് ഈ മേഖലയിൽ ജോലി കൊടുക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എല്ലാ വ്യവസായ മേഖലകളും പുനരുദ്ധാരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ പഴയ തറികളും പഴയ ചർക്കകളും മാറ്റി ഇവിടെ ഒരു സെമി ഓട്ടോമാറ്റിക് സിസ്റ്റം നടപ്പിലാക്കാൻ കഴിഞ്ഞാൽ ജോലിഭാരം കുറയ്ക്കാനും കൂടുതൽ വേതനം ലഭ്യമാക്കാനും ഈ മേഖലയ്ക്ക് സാദ്ധ്യമാകും. കുടിശ്ശികയായി കിടക്കുന്ന റിബേറ്റ് തുക കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. എട്ട് കോടിയോളം രൂപ കൊടുത്തുതീർക്കാനുണ്ട്. ഓണത്തിനു മുമ്പെങ്കിലും ഈ തുക കൊടുത്തുതീർക്കുന്നതിനും ഈ മേഖലയെ

LIBRARY ARCHIVES Kerala Legislative Assembly